**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26.06.2018 ലെ OA(Ekm) 1143/2018 നം. ഉത്തരവ് പാലിച്ച് എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ ഗ്രേഡ്- II (എൽ.ഡി.വി) തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 12 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2546/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 03/10/2018**

---

പരാമർശം : 1. 08/08/1988 ലെ സ.ഉ(എം.എസ്) 42/88/പി&എ.ആർ.ഡി ഉത്തരവ്

2. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.06.2018 ലെ OA(Ekm) 1143/2018 നം. ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 09.08.2018 ലെ PAN/20748/2014-E14- (DP) നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. മനോജ് എം. ഉം മറ്റുള്ള 4 പേരും ചേർന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1143/18 ൽ ബഹു.ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച 26/06/2018 ലെ ഉത്തരവിൽ അപേക്ഷകരെ നേരിൽ കേട്ട് അനക്സർ എ 12 നിവേദനത്തിൻമേൽ പരാമർശം (1) ഉത്തരവിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലും നിയമപ്രകാരവും 2 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചിരുന്നു. എറണാകുളം ജില്ലയിലെ വിവധ വകുപ്പുകളിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് അപേക്ഷകർ. എറണാകുളം ജില്ലയിലെ വാഹനം അനുവദിച്ചിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും എൽ.ഡി.വി ഡ്രൈവർ ഗ്രേഡ്- II തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകർ സമർപ്പിച്ച 20.06.2018 ലെ അപേക്ഷയാണ് അനക്സർ എ 12.

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരെ നേരിൽ കേട്ടു. ഹിയറിംങ് വേളയിൽ അനക്സർ എ 12 നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിക്കുകയും കൂടാതെ എറണാകുളം ജില്ലയിൽ 4 പഞ്ചായത്തിൽ മാത്രമാണ് സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ളതെന്നും ബാക്കി 78 പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു എറണാകുളം ജില്ലയിലെ 3 ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ളതായും ബാക്കി ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നതായും ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രൊപ്പോസൽ നാളിതുവരെ സമർപ്പിച്ചിട്ടില്ലെന്നും എറണാകുളം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിൽ ആകെ 6 ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളതെന്നും ടി തസ്തികകളിൽ ഒന്നും തന്നെ ഒഴിവുകൾ നിലവിലില്ലെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒഴിവുകളൊന്നും നിലവിലില്ല. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5(iii) പ്രകാരം വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നതോടൊപ്പം തന്നെ ഡ്രൈവർ തസ്തികയും അനുവദിക്കുന്നതായിരിക്കുമെന്നാണ് നിർദേശിച്ചിട്ടുള്ളത്. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല

മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ വാഹനം അനുവദിച്ചിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും എൽ.ഡി.വി ഡ്രൈവർ ഗ്രേഡ്- II തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 12 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

ശ്രീ. മനോജ്.എം, മാവളത്തുകുഴിയിൽ ഹൗസ്, മൂലക്കാട്.പി.ഒ, ഇടുക്കി - 685595

ശ്രീ. രജിത്.പി.ആർ, പട്ടമനക്കടവിൽ ഹൗസ്, ഉദയംപേരൂർ. പി.ഒ, എറണാകുളം - 682307

ശ്രീ. പ്രശാന്ത്.പി.എസ്, പത്രക്കടവിൽ ഹൗസ്, മൂത്താകുന്നം. പി.ഒ, എറണാകുളം - 683516

ശ്രീ. ഫ്രാൻസിസ്. പി.റ്റി, പുല്ലായിൽ ഹൗസ്,വടക്കുംപുറം. പി.ഒ, കേരളം.

ശ്രീ. ബിബിൻ. എച്ച്.എസ്, മിനി ഭവൻ,തെങ്ങൂർക്കോണം, കോട്ടപ്പുറം. പി.ഒ, വിഴിഞ്ഞം, തിരുവനന്തപുരം - 695521

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(**ആഡിറ്റ്**)**, **കേരള,** തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/129/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ